(ഡി) ഏതെല്ലാം റീച്ചുകളിൽ പ്രവൃത്തി ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഇ) മുനമ്പം മുതൽ എടവനക്കാട് വരെയുള്ള റീച്ചിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഏതെല്ലാം റീച്ചുകളാണ് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയതെന്ന് വ്യക്തമാക്കാമോ ;

(ജി) ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ; അനിശ്ചിതമായി ടെണ്ടർ നടപടികൾ ദീർഘിപ്പിച്ചതിന് കാരണമെന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉക അനുവദിച്ചിട്ടുണ്ട്.

(ബി) 23.6 കോടി രൂപ.

(സി) മൂന്ന് റീച്ചുകളായാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്.

(ഡി) 2nd റീച്ച് (ഞാറയ്ക്കൽ ആശുപത്രി റോഡ് മുതൽ സെയ്ദ് മുഹമ്മദ് റോഡ് വരെ) പ്രവൃത്തി ആരംഭിച്ചു.

(ഇ) ടി റീച്ചിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഇടർ നടപടികൾ ആരംഭിക്കാനാകും.

(എഫ്) 2nd റീച്ചിന്റെ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ജി) റിവൈസ്ഡ് എസ്റ്റിമേറ്റ് ജനറൽ കൗൺസിൽ അംഗീകാരത്തോടെ സർക്കാർ അനുമതി ലഭ്യമായാൽ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

നഗരവികസന നിയമങ്ങൾ

80 (5428) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള നഗരവികസന നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കാനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കേരളാ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് നിലവിൽ വന്നിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ നഗരപ്രദേശങ്ങളുടെയും ഗ്രാമ പ്രദേശങ്ങളുടെയും വളർച്ച നിയന്ത്രിക്കുന്നതിനും ആസൂത്രിത വികസനം പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാനത്ത് കേരളാ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് 2015 (ഓർഡിനൻസ് നമ്പർ 6) ബഹുമാനപ്പെട്ട കേരളാ ഗവർണർ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലുള്ള മാസ്റ്റർ പ്ലാൻ/വിശദ നഗരാസൂത്രണ പദ്ധതി എന്നിവയിലെ റെഗുലേഷനുകൾ കാലോചിതമായി പരിഷ്കരിക്കുക, എല്ലാ മുനിസിപ്പൽ പ്രദേശങ്ങളുടെയും ദീർഘകാല പരിപ്രേക്ഷ്യത്തോടെയുള്ള ആസൂത്രിത വികസനം ഉറപ്പുവരുത്തുക എന്നിവയാണ് മാസ്റ്റർ പ്ലാൻ പുതുക്കുന്ന/പരിഷ്കരിക്കുന്ന പദ്ധതികളുടെ മുഖ്യ ഉദ്ദേശ ലക്ഷ്യങ്ങൾ.

(സി) 10-4-2015-ലെ 19904/Leg.C1/2013/Law നമ്പരായുള്ള കേരളാ നഗര ഗ്രാമാസൂത്രണ ഓർഡിനൻസ് 10-4-2015-ലെ 817-ാം നമ്പർ അസാധാരണ ഗസറ്റിൽ ആധികാരികമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

എല്ലാ നഗരസഭകൾക്കും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി G.O.(MS) No. 3982/2008/LSGD, dt. 13-11-2008, G.O.(MS) No. 1376/2012/LSGD., dt. 17-5-2012, (G.O.(MS) No. 2664/2012/LSGD, dt. 24-9-2012 എന്നീ ഉത്തരവുകൾ പ്രകാരം (2 ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പെടെ) ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് G.O.(Rt.)No. 2766/2009/LSGD. dt. 24-10-2009, G.O.(Rt.) No. 2767/2009/LSGD., dt. 24-10-2009 എന്നീ ഉത്തരവുകൾ പ്രകാരം ആയതിന് വിശദമായ മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുകയും ടി പദ്ധതിയുടെ നടത്തിപ്പിനായി ഒരു State Project Cell സ്ഥാപിക്കുകയും ചെയ്തു. ടി Project Cell മുഖാന്തരം പദ്ധതി നടത്തിപ്പിനായുള്ള വിശദമായ മാർഗ്ഗരേഖകൾ/ടൂൾ കിറ്റുകൾ/ഹാന്റ്ബുക്കുകൾ എന്നിവ കാലാകാലങ്ങളിൽ നൽകിവരികയും ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്)-ന്റെ മേൽനോട്ടത്തിൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തി വരുകയും ചെയ്യുന്നു.